# സർക്കാർ കേസുകൾ തോൽക്കുന്നത്

**പൊതു** താൽപര്യം പരിഗണിച്ച് സർക്കാർ സ്വീകരിക്കുന്ന നടപടികൾക്കെതിരെ നിക്ഷിപ്ത താൽപര്യക്കാർ കോടതിയിലെത്തുമ്പോൾ സർക്കാർ തോറ്റുപോവുക സ്ഥിരം സമ്പ്രദായമാവുകയാണ്. മൂന്നാർ കൈയേറ്റഭൂമി ഒഴിപ്പിക്കൽ മുതൽ തിരുവനന്തപുരത്തെ ഗോൾഫ് ക്ലബ് ഒഴിപ്പിക്കൽ വരെയുള്ള കേസുകളിൽ അതാണ് കണ്ടത്. സർക്കാർ കേസുകൾ നടത്താൻ ചെല്ലും ചെലവും കൊടുത്ത് നിരവധി നിയമവിദഗ്ധരെ നിശ്ചയിച്ചിട്ടുണ്ട്. പക്ഷേ, കേസുകളിൽ സർക്കാറിനെ തോൽപിക്കുകയാണ് ഇവരുടെ ചുമതല എന്നു തോന്നിപ്പോകുന്ന മട്ടിലാണ് കാര്യങ്ങൾ നീങ്ങുന്നത്.

സർക്കാർ നിയമിച്ച നിയമവിദ്വാന്മാർ തന്നെ കേസുകളിൽ സർക്കാറിനെ തോൽപിക്കുന്ന ഏർപാട് കേരളത്തിൽ മാത്രമല്ല നടക്കുന്നത്. ഇതര സംസ്ഥാനങ്ങളിലും കേന്ദ്രത്തിലുമെല്ലാം അത് നടക്കുന്നുണ്ട്. സച്ചാർ കമ്മിറ്റി ശിപാർശകളനുസരിച്ച് മുസ്‌ലിം സമുദായത്തിന്റെ അവശത പരിഹരിക്കാൻ നടപടി സ്വീകരിക്കുന്നതിനെതിരെ 'രാഷ്ട്രീയ മുക്തി മോർച്ച' എന്ന സംഘടന ദൽഹി ഹൈക്കോടതിയിൽ സമർപ്പിച്ച പരാതിയുടെ കാര്യം നല്ലൊരു ഉദാഹരണമാണ്. കഴിഞ്ഞ മെയ് 12-നു ഈ കേസ് പരിഗണിച്ച കോടതി കൗതുകകരമായ കുറേ ചോദ്യങ്ങളുന്നയിക്കുകയുണ്ടായി. സർക്കാർ ന്യൂനപക്ഷ വിഭാഗത്തോട് അന്യായമായ പക്ഷപാതിത്വം കാണിക്കുകയല്ലേ? സംസ്ഥാനത്തിന്റെ പൊതുമുതലിന്റെ വലിയൊരു ഭാഗം അതിലെ ഒരു സമുദായത്തിനു മാത്രമായി ചെലവഴിക്കുകയല്ലേ? അതല്ലേ ഗണ്യമായ മുസ്‌ലിം ജനസംഖ്യയുള്ള 90 ജില്ലകളിൽ സർവവിധ അടിസ്ഥാന സൗകര്യങ്ങളും സജ്ജീകരിച്ചുകൊടുക്കുന്നതിന്റെയും ദേശസാൽകൃത ബാങ്കുകളുടെ നിരവധി ശാഖകൾ തുറക്കുന്നതിന്റെയും അർഥം? ഭൂരിപക്ഷ സമുദായത്തിനുവേണ്ടി സർക്കാർ എന്തു ക്ഷേമ പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളത്? അഥവാ ഭൂരിപക്ഷ സമുദായത്തിനുവേണ്ടി ഒരു പദ്ധതിയും ആവിഷ്കരിക്കാത്തതെന്തുകൊണ്ടാണ്?

അന്യായക്കാർക്കുവേണ്ടി ഹാജരായ അഭിഭാഷകൻ അഡ്വ. എൻ.പി ലേഖിയായിരുന്നു. 'സച്ചാർ കമ്മിറ്റി റിപ്പോർട്ട് പാകിസ്താൻ പ്രമേയത്തിന്റെ ആദിരൂപമാണ്' എന്നത്രെ അദ്ദേഹം വാദിച്ചത്. സർക്കാറിനു വേണ്ടി അഡീഷണൽ സോളിസിറ്റർ ജനറൽ മൽഹോത്രയും ഹാജരായിരുന്നു. ഹൈക്കോടതിയുടെ രണ്ടംഗ ബെഞ്ചിലെ ജഡ്ജിമാരായ ടി.എസ് ഠാക്കറും സിദ്ധാർഥയും അദ്ദേഹത്തോടു ചോദിച്ചു: 'കേന്ദ്ര ഗവൺമെന്റ് സച്ചാർ കമ്മിറ്റിയെ നിയമിച്ചതിന്റെ യഥാർഥ ലക്ഷ്യമെന്താണ്?' കോടതി തിരിച്ചും മറിച്ചും ചോദിച്ചിട്ടും മി. മൽഹോത്ര ആവർത്തിച്ചവതരിപ്പിച്ച ഒരേയൊരു 'തെളിവ്' ഇതായിരുന്നു: 'മുസ്‌ലിം സമുദായം രാജ്യത്തെ ഏറ്റവും വലിയ ന്യൂനപക്ഷമായതിനാൽ അവരുടെ ക്ഷേമത്തിനു വേണ്ടി സർക്കാർ നടപടി സ്വീകരിക്കേണ്ടതാവശ്യമാകുന്നു'.

സ്വാഭാവികമായും എതിർഭാഗം വക്കീലിന് ഒട്ടും ബുദ്ധിമുട്ടേണ്ടിവന്നില്ല. അദ്ദേഹത്തിന്റെ ജോലിയുടെ ഒരു ഭാഗം ജഡ്ജിമാരുന്നയിച്ച ചോദ്യങ്ങൾതന്നെ നിർവഹിച്ചുകൊടുത്തു. ശിഷ്ട ഭാഗം സർക്കാർ വക്കീലിന്റെ ഈ പ്രസ്താവനയും പൂരിപ്പിച്ചു: 'ഇതൊരു രാഷ്ട്രീയ പ്രശ്നമാണ്. അത് ജനങ്ങൾക്ക് വിട്ടുകൊടുക്കുകയാണ് വേണ്ടത്. ജനകീയ രാഷ്ട്രീയതലത്തിൽ തന്നെയാണിതിനു തീരുമാനമുണ്ടാകേണ്ടത്.' എന്തൊരു ഭംഗിയായ വാദം! ഇതുതന്നെയാണ് ബി.ജെ.പിയും ആഗ്രഹിക്കുന്നത്. സച്ചാർ കമ്മിറ്റി റിപ്പോർട്ടിനെതിരെ ബഹുജനാന്തരീക്ഷം സൃഷ്ടിക്കാൻ മുമ്പേ അവർ പ്രവർത്തിച്ചുവരുന്നുമുണ്ട്. അടുത്ത പൊതുതെരഞ്ഞെടുപ്പിലെ മുഖ്യ വിഷയങ്ങളിലൊന്ന് സച്ചാർ കമ്മിറ്റി റിപ്പോർട്ടായിരിക്കുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തിരിക്കുന്നു. ജഡ്ജിമാർ സർക്കാർ വക്കീലിനോട് ചോദിച്ച മറ്റൊരു ചോദ്യം ഇതായിരുന്നു: 'ന്യൂനപക്ഷ ക്ഷേമത്തിനു വേണ്ടി സർക്കാർ കൂടുതൽ തുക ചെലവഴിക്കുമെന്ന് താങ്കൾ പറയുന്നതിന്റെ മറുവശം, ഭൂരിപക്ഷ സമുദായത്തിനുവേണ്ടി കുറഞ്ഞ തുകയേ ചെലവഴിക്കൂ എന്നല്ലേ?' സർക്കാറിനുവേണ്ടി സത്യവാങ്മൂലം തയാറാക്കിയ നിയമവിദഗ്ധരും ജഡ്ജിമാരുടെ ചോദ്യങ്ങളിൽ ഏറെ സന്തുഷ്ടരായി എന്നതാണ് വിചിത്രമായ മറ്റൊരു വസ്തുത. 'കോടതിയുടെ അഭിപ്രായങ്ങൾ പ്രതീക്ഷിച്ചതുതന്നെയായിരുന്നു' എന്ന് അവർ സന്തോഷത്തോടെ പ്രതികരിച്ചതായി *ഇന്ത്യൻ എക്സ്പ്രസ്* (13-05-2008) റിപ്പോർട്ട് ചെയ്യുന്നു.

മെയ് 12-ലെ സിറ്റിംഗിൽ കോടതിയുടെ സമീപനം തികച്ചും ഏകപക്ഷീയമായിരുന്നുവെങ്കിലും അതിന് ജഡ്ജിമാരോട് പരിഭവിച്ചിട്ടു കാര്യമില്ല. തങ്ങളുടെ മുമ്പിൽവരുന്ന രീതിക്കൊത്താണ് ജഡ്ജിമാർ കേസുകൾ കാണുക. ഈ കേസിൽ എതിർഭാഗം വക്കീൽ അദ്ദേഹത്തിന്റെ വാദം സമർഥമായി അവതരിപ്പിച്ചു. സർക്കാർ വക്കീൽ സ്വന്തം കേസ് ഭദ്രമായി അവതരിപ്പിക്കുന്നതിൽ താൽപര്യം കാണിച്ചില്ല; എന്നല്ല, സർക്കാർഭാഗം ദുർബലമാക്കുകയാണ് ചെയ്തത്. ഇന്ത്യൻ ഭരണഘടന ഭൂരിപക്ഷ വിഭാഗത്തിന്റെ താൽപര്യങ്ങൾക്ക് മുന്തിയപരിഗണന നൽകിയിട്ടുണ്ടെന്നും ന്യൂനപക്ഷത്തെ അപേക്ഷിച്ച് അവർ എല്ലാ രംഗങ്ങളിലും അഭിവൃദ്ധിയും മേൽക്കൈയും നേടിയിട്ടുണ്ടെന്നും സർക്കാർ വക്കീലിന് ജഡ്ജിമാരെ അനായാസം ഓർമിപ്പിക്കാമായിരുന്നു. ഒരാൾക്ക് ഒരു വോട്ട് എന്ന സമ്മതിദാന വ്യവസ്ഥ ഏതു പരിതസ്ഥിതിയിലും ഭൂരിപക്ഷ താൽപര്യം ഉറപ്പുനൽകുന്നുമുണ്ട്. തങ്ങൾ ഭൂരിപക്ഷമാണ് എന്നതുതന്നെ ഭൂരിപക്ഷ സമുദായത്തിന് ആത്മവിശ്വാസം പകരുമ്പോൾ, തങ്ങൾ ന്യൂനപക്ഷമാണ് എന്നത് ന്യൂനപക്ഷത്തെ അപകർഷത്തിലേക്കാണ് നയിക്കുന്നത്.

ഭരണഘടന ന്യൂനപക്ഷങ്ങൾക്ക് വിദ്യാഭ്യാസത്തിലും തൊഴിലിലും പരിഗണന വാഗ്ദാനം ചെയ്യുന്നുണ്ട്. ആ വാഗ്ദാനം പ്രായോഗിക രൂപം സ്വീകരിക്കാൻ ശ്രമിക്കുമ്പോഴൊക്കെ ഭൂരിപക്ഷ വിഭാഗത്തിലെ തീവ്ര വർഗീയ സംഘടനകൾ സദാ കുരച്ചുകൊണ്ടിരിക്കുന്ന കാവൽപട്ടികളെപ്പോലെ അതിന്മേൽ ചാടിവീഴുകയാണ്. ഭരണഘടന വാഗ്ദാനം ചെയ്യുന്ന പരിഗണനകളൊന്നും ന്യൂനപക്ഷങ്ങൾക്ക് ലഭിച്ചുകൂടാ എന്നാണവരുടെ ഉറച്ച നിലപാട്. സച്ചാർ കമ്മിറ്റിയുടെ നിയമനം തികച്ചും നിയമവിധേയമായിരുന്നു. എന്നിട്ടും ഒന്നാം നാൾ തൊട്ട് അതിനെതിരെ ഉഗ്രമായ കുര തുടങ്ങി. അവരെ നിശ്ശബ്ദമാക്കേണ്ടവർ കൂടെ കുരക്കാൻ തുടങ്ങിയാലോ?

കേസിന്റെ ഒന്നാമത്തെ വിചാരണയാണ് മെയ് 12-ന് നടന്നത്. അടുത്ത വിചാരണ ആഗസ്റ്റ് 21-നാണ്. ഇനിയുള്ള വിചാരണകളിലെങ്കിലും യാഥാർഥ്യങ്ങൾ സത്യസന്ധമായും യുക്തിഭദ്രമായും അവതരിപ്പിക്കാൻ സന്നദ്ധതയും പ്രാപ്തിയുമുള്ള അഭിഭാഷകരെ തങ്ങൾക്കുവേണ്ടി നിയോഗിക്കാൻ സർക്കാർ ശ്രമിച്ചെങ്കിൽ! ■